**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 516** **10-07-2024 - ൽ മറുപടിയ്ക്ക്**

**പരിവർത്തിത ക്രൈസ്തവർക്ക് പട്ടികജാതി സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതിയിൽ നിന്നുള്ള പരിവർത്തിത ക്രൈസ്തവർക്ക് പട്ടികജാതി സംവരണം ലഭിക്കുന്നതിന് വേണ്ടി സംസ്ഥാനം കേന്ദ്ര സർക്കാരിലേക്ക് ശിപാർശ നൽകിയിട്ടുണ്ടോ; | (എ) | ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യൻ ഭരണഘടന [Constitution (Scheduled Castes) Order 1950] Clause 3(a) പ്രകാരം ഹിന്ദു, സിഖ്, ബുദ്ധമതത്തിൽപ്പെട്ടവർക്ക് മാത്രമേ പട്ടികജാതി സ്റ്റാറ്റസിന് അർഹതയുള്ളൂ. 1950 -ലെ Constitution (Scheduled Castes) Order -ലെ 3-ാം ഖണ്ഡിക ഒഴിവാക്കുന്ന വിഷയത്തിന്മേലുള്ള SLP(C) No180/04, ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലാണ്. ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാലും ഇതിന്മേൽ തീരുമാനമെടുക്കേണ്ടത് കേന്ദ്ര സർക്കാർ ആയതിനാലും സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ തീരുമാനമെടുക്കാനാവില്ല. |
| (ബി) | പട്ടികജാതിയിൽപ്പെട്ട പരിവർത്തിത ക്രൈസ്തവരുടെ ജാതി സെൻസസ് എടുത്തിട്ടുണ്ടോയെന്നറിയിക്കുമോ; | (ബി) | ഇല്ല |
| (സി) | പ്രസ്തുത വിഭാഗക്കാരുടെ സ്റ്റൈപ്പന്റും/ലംപ്സം ഗ്രാന്റും സമയബന്ധിതമായി വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന ഒ.ഇ.സി പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യ കുടിശ്ശിക തീർക്കുന്നതിന് 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 220 കോടി രൂപയ്ക്ക് പുറമെ 396 കോടി രൂപ കൂടി അനുവദിച്ചിരുന്നു. 2020-21 വർഷം വരെയുള്ള കുടിശ്ശിക പൂർണ്ണമായും നൽകുകയും, 2023-24 വരെയുള്ള കുടിശ്ശിക ഭാഗികമായും നൽകിയിട്ടുണ്ട്. നടപ്പ് വർഷത്തെ ആനുകൂല്യങ്ങൾ നൽകാൻ ഏകദേശം 350 കോടി രൂപ ആവശ്യമായി വരും. 2024-25 വർഷത്തെ ബഡ്ജറ്റ് വിഹിതമായ 240 കോടി രൂപയ്ക്ക് പുറമെ, കുടിശ്ശിക അനുവദിക്കുന്നതിന് നടപ്പ് വർഷം 300 കോടി രൂപ |

| | | | |
|---|---|---|---|
| | | | അധിക ധനസഹായം അനുവദിക്കുന്നതിന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തന മൂലധനം ബഡ്ജറ്റിൽ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) | കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ മൂലധന വിഹിതം സംസ്ഥാന ബജറ്റിൽ പടിപടിയായി വർദ്ധിപ്പിച്ച് വരുന്നുണ്ട്. 2022-23 -ൽ 5.70 കോടി രൂപ, 2023-24 -ൽ 6 കോടി രൂപ, 2024-25 -ൽ 8 കോടി രൂപ എന്നിങ്ങനെ ബജറ്റിൽ തുക വകയിരുത്തിയിരുന്നു. |
| (ഇ) | പട്ടികജാതിക്കാർക്ക് ലഭിക്കുന്ന എല്ലാ ഭവന നിർമ്മാണ ആനുകൂല്യങ്ങളും ഭവനരഹിതരായ മുഴുവൻ പരിവർത്തിത ക്രൈസ്തവർക്കും കൂടി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഇ) | സംസ്ഥാനത്തെ ഭൂരഹിത ഭവനരഹിതരായ എല്ലാ കുടുംബങ്ങൾക്കും വീട് നൽകുന്നതിനാണ് ലൈഫ് പദ്ധതി ലക്ഷ്യമിടുന്നത്. ലൈഫ് മിഷൻ അർഹതാ മാനദണ്ഡങ്ങളുടെയും ക്ലേശഘടകങ്ങളുടെയും അടിസ്ഥാനത്തിലാണ് ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. ഇത്തരത്തിൽ ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ടവർക്കാണ് ലൈഫ് മിഷൻ ഭവന നിർമ്മാണാനുകൂല്യം നൽകി വരുന്നത്. പരിവർത്തിത ക്രൈസ്തവർക്ക് ലൈഫ് പദ്ധതിയുടെ അർഹതാ മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്നത് പ്രകാരം ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.<br><br>പട്ടികജാതിയിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ച പരിവർത്തിത ക്രൈസ്തവർക്കും പട്ടികജാതിയിലേക്ക് ശുപാർശ ചെയ്യപ്പെട്ട വിഭാഗങ്ങൾക്കും ഭവന നിർമ്മാണത്തിന് കുറഞ്ഞ പലിശ നിരക്കിൽ ഭവന നിർമ്മാണ വായ്പ, ഭവന പുനരുദ്ധാരണ വായ്പ / ഭവന പൂർത്തീകരണ വായ്പ, ഭൂരഹിത ഭവനരഹിത വായ്പ, വീടും സ്ഥലവും വാങ്ങുന്നതിനുള്ള വായ്പ എന്നീ വായ്പകൾ കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ